**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2568** **21-01-2021 - ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസം മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ചട്ടങ്ങളുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുക എന്നതാണ് വിനോദ സഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം . സാഹസിക വിനോദ സഞ്ചാരമേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" തയ്യാറാക്കുകയും സാഹസിക പ്രവർത്തനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾ ക്കനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരും, ഈ മേഖലയിലെ വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും വിനോദ സഞ്ചാരവകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ അനുവദിക്കുന്നത്. |
| (ബി) | സാഹസിക ടൂറിസം മേഖലകളിൽ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയും സാങ്കേതിക വിദഗ്ധരുടെ കുറവും സഞ്ചാരികൾക്ക് | (ബി) | സാഹസിക ടൂറിസം മേഖലയിൽ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; | | സാഹസിക ടൂറിസം മേഖലയിലെ സാങ്കേതിക വിദഗ്ധരുടെ കുറവ് സർക്കാർ ഗൗരവമായി കാണുന്ന വസ്തുതയാണ്. ഈ കുറവ് നികത്തുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) സാഹസിക മേഖലയിൽ കോഴ്സുകൾ ആരംഭിച്ചു. ഇതിനു പുറമെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ശാസ്താം പാറയിൽ സാഹസിക ടൂറിസം അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്. |
| (സി) | കേരളത്തിലെ ഏതെല്ലാം സെന്ററുകൾക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷന്റെ (ബിസ്) സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിസ്) സാഹസിക ടൂറിസം മേഖലയിൽ സർട്ടിഫിക്കേഷൻ നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്. നിലവിൽ കേരളത്തിലെ സാഹസിക ടൂറിസം സെന്ററുകൾക്ക് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ